# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിശദാംശം</u>

2550 ശ്രീ. എ. കെ. ബാലൻ
,, പി. ശ്രീരാമകൃഷ്ണൻ
,, ജെയിംസ് മാത്യു
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടിക വർഗ്ഗ ക്ഷേമവും യുവജന കാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എഞ്ചിനീയറിംഗ്, മെഡിക്കൽ, പാരാമെഡിക്കൽ ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ ഗണ്യമായ ഒരു വിഭാഗത്തിന് പഠനം പൂർത്തിയാക്കാൻ സാധിക്കാത്ത സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(ബി) കഴിഞ്ഞ രണ്ട് അക്കാദമിക് വർഷങ്ങളിൽ സർക്കാർ കോളേജുകളിൽ മേൽ പരാമർശിച്ച കോഴ്സുകൾ വിജകരമായി പൂർത്തിയാക്കിയ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; ആകെ വിദ്യാർത്ഥികളുടെ എണ്ണവുമായി താരതമ്യപ്പെടുത്തി വിശദാംശം ലഭ്യമാക്കാമോ;

(സി) സ്വകാര്യ സ്വാശ്രയ കോളേജുകളിൽ കഴിഞ്ഞ രണ്ട് അക്കാദമിക് വർഷങ്ങളിൽ പ്രവേശനം ലഭിച്ച പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെയും, കോഴ്സ് വിജകരമായി പൂർത്തിയാക്കിയ പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെയും എണ്ണം, ആകെ വിദ്യാർത്ഥികളുടെ എണ്ണവുമായി താരതമ്യപ്പെടുത്തി വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ ശതമാനക്കണക്കിൽ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

മെഡിക്കൽ, എൻജിനീയറിംഗ് കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സഹായം

2551 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, സണ്ണി ജോസഫ്
,, അൻവർ സാദത്ത്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പട്ടികവർഗ്ഗ കുടുംബങ്ങളിലെ വിദ്യാർത്ഥികളിൽ മെഡിക്കൽ, എൻജിനീയറിംഗ് കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്നവർക്ക് എന്തെല്ലാം സഹായങ്ങളാണ് പട്ടികവർഗ്ഗ വികസന വകുപ്പ് നൽകിയിട്ടുള്ളത് ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്</u>

2552 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പുകളും മറ്റ് ഇലക്ട്രോണിക് ഉപകരണങ്ങളും നൽകുന്ന പദ്ധതിയിലേക്ക് എന്തുതുകയാണ് നീക്കിവച്ചിട്ടുള്ളതെന്നും ഇതിൽ എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം കമ്പ്യൂട്ടറുകൾ വിതരണം ചെയ്ത ഏജൻസി ഏതാണെന്നും ഏത് കമ്പനിയുടെ കമ്പ്യൂട്ടറാണ് വിതരണം ചെയ്തതെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയ്ക്ക് മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥൻ ആരാണെന്ന് വ്യക്തമാക്കാമോ:

(ഡി) പദ്ധതി പ്രകാരം വിതരണം ചെയ്ത കമ്പ്യൂട്ടറുകളിൽ ഒന്നിന് എന്തു വിലയാണ് ഈടാക്കിയിട്ടുള്ളത്; ബില്ലുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) പദ്ധതി നടത്തിപ്പിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും അഴിമതി നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>സ്റ്റുഡന്റ് ഡോക്ടർ പദ്ധതി</u>

2553 ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ
,, വി. ഡി. സതീശൻ
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസി സ്കൂളുകളിൽ ആരോഗ്യ ബോധവൽക്കരണം നടത്തുന്നതിന് സ്റ്റുഡന്റ് ഡോക്ടർ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) എന്നുമുതലാണ് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഇ) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്: വിശദമാക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച പദ്ധതി വിഹിതം

2554 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും**
**കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഇതുവരെയുള്ള പദ്ധതി വിഹിതത്തിന്റെ ചെലവ്, കണക്ക്, ജില്ല എന്നിവ തിരിച്ച് അറിയിക്കുമോ;

(സി) ചെലവഴിക്കപ്പെടാതെ പോയ പദ്ധതി വിഹിതം നഷ്ടപ്പെടാതിരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പദ്ധതി രൂപീകരണത്തിലുണ്ടായ കാലതാമസം പദ്ധതി നടത്തിപ്പിനെ ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>തൊഴിൽ രഹിതരായ പട്ടികവർഗ്ഗ യുവതികൾക്ക് ഓട്ടോറിക്ഷ വാങ്ങി നൽകുന്ന പദ്ധതി</u>

2555 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ രഹിതരായ പട്ടികവർഗ്ഗ യുവതികൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകി ഓട്ടോറിക്ഷ വാങ്ങി നൽകുന്ന പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ 2012-2013 ബഡ്ജറ്റിൽ ഇതിനായി എന്ത് തുക അനുവദിച്ചിട്ടുണ്ട് ; എന്ത് തുക ചെലവാക്കി ; വിശദമാക്കുമോ ;

(സി) ഈ പദ്ധതിയിൽ എത്ര പേർക്ക് പരിശീലനം നൽകി ; എത്ര പേർക്ക് ഓട്ടോറിക്ഷ നൽകി ; വിശദമാക്കുമോ ;

(ഡി) ഈ പദ്ധതി പ്രകാരം ആകെ എത്ര ഓട്ടോറിക്ഷകൾ വാങ്ങിയിട്ടുണ്ട് ; അവയുടെ വില എത്രയാണ് ; ഏത് കമ്പനിയിൽ നിന്നുമാണ് വാങ്ങിയത് ; ഇതിനായി ടെണ്ടർ ക്ഷണിച്ചിരുന്നുവോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 01.04.2013–ലെ മറുപടിക്ക്

<u>പ്രാക്തന ഗോത്ര വിഭാഗങ്ങളുടെ ഉന്നമനത്തിനായി നടപ്പാക്കിയ പദ്ധതികൾ</u>

2556

ശ്രീ. എം. എ. ബേബി
ഡോ. കെ. ടി. ജലീൽ
ശ്രീ. കെ. കെ. നാരായണൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാക്തന ഗോത്ര വിഭാഗങ്ങളുടെ ഉന്നമനത്തിനായി നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ലക്ഷ്യമിട്ട ഭൗതിക നേട്ടം കൈവരിക്കാനായോയെന്ന കാര്യം അവലോകനം നടത്തിയിട്ടുണ്ടോ; ലക്ഷ്യങ്ങളും നേട്ടവും അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതി സാമ്പത്തിക ലക്ഷ്യം നേടിയോ; എങ്കിൽ പ്രഖ്യാപിച്ചിരുന്ന ഓരോ പദ്ധതിയും അതിനനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്രയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>നായാടി സമുദായക്കാരെ പട്ടികവര്‍ഗ്ഗ വിഭാഗത്തില്‍ ഉള്‍പ്പെടുത്തുന്ന നടപടി</u>

2557

ശ്രീ. പി. ശ്രീരാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരളത്തില്‍ എസ്.സി. വിഭാഗത്തില്‍പ്പെടുന്ന നായാടി സമുദായക്കാരെ പട്ടികവര്‍ഗ്ഗ വിഭാഗത്തില്‍ ഉള്‍പ്പെടുത്തുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച കേന്ദ്ര സര്‍ക്കാരിന്റെ നിലപാട് സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ;

(സി) പ്രാക്തന ഗോത്ര വിഭാഗത്തില്‍ ഉള്‍പ്പെടുന്ന ഇവരെ പട്ടികവര്‍ഗ്ഗത്തില്‍ ഉള്‍പ്പെടുത്തുന്നതിന് നിലവില്‍ എന്തു തടസ്സങ്ങളാണുള്ളത് എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>പട്ടികവര്‍ഗ്ഗ വിഭാഗങ്ങള്‍ക്കായി മാതൃകാ കോളനി</u>

2558 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ പട്ടികവര്‍ഗ്ഗ വിഭാഗങ്ങള്‍ക്കായി മാതൃകാ കോളനി സ്ഥാപിക്കാന്‍ ഓരോ ജില്ലയിലും സ്വീകരിച്ച നടപടികള്‍ എന്തെല്ലാം ; വിശദാംശങ്ങള്‍ അറിയിക്കുമോ ;

(ബി) പത്തനംതിട്ട ജില്ലയില്‍ ഈ പദ്ധതി നടപ്പാക്കുന്നത് എവിടെയാണ് ; ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; ഈ പദ്ധതിയുടെ നടത്തിപ്പിന് എന്തെങ്കിലും തടസ്സങ്ങളുണ്ടായിട്ടുണ്ടോ; എങ്കില്‍ എന്താണ് ; ഈ തടസ്സങ്ങള്‍ മാറ്റുന്നതിന് എന്തൊക്കെ നടപടികള്‍ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ?

## കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>ചികിത്സാ ധനസഹായം</u>

2559 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടിക വർഗ്ഗ വികസന വകുപ്പ് വഴി നടപ്പു വർഷം വയനാട് ജില്ലയിൽ അനുവദിച്ച ചികിത്സാധനസഹായത്തിന്റെ താലൂക്ക്തല വിശദാംശം ലഭ്യമാക്കുമോ;

(ബി) അനുവദിച്ച തുകയിൽ എന്ത് തുക ഇതിനകം വിതരണം ചെയ്തു എന്നുള്ളതിന്റെ താലൂക്ക്തല വിശദാംശം ലഭ്യമാക്കുമോ;

(സി) ചികിത്സാ ധനസഹായം വിതരണം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നു വിശദമാക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>ആദിവാസിവനാവകാശ നിയമം</u>

2560 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും**
**കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസി വനാവകാശനിയമം അനുസരിച്ച്, ഈ സർക്കാർ അധികാരമേറ്റ ശേഷം, എത്ര ആദിവാസികൾക്ക് എത്ര ഭൂമി നൽകിയെന്ന് അറിയിക്കുമോ;

(ബി) ഇത് എവിടെയെല്ലാമാണ് നൽകിയത്; അറിയിക്കുമോ;

(സി) ഭൂരഹിതരായ എത്ര ആദിവാസി കുടുംബങ്ങളാണ് കേരളത്തിൽ ഉള്ളത്; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ;

(ഡി) നാമമാത്രമായ ഭൂമി കൈവശമുള്ള ആദിവാസി കുടുംബങ്ങൾക്ക് ആദിവാസി വനാവകാശ നിയമം അനുസരിച്ച് കൂടുതൽ ഭൂമി നൽകുന്നതിന് വ്യവസ്ഥയുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>ആദിവാസിപുനരധിവാസ മിഷൻ വഴി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി വിതരണം</u>

2561 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടിക വർഗ്ഗ ക്ഷേമവും യുവജന കാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസിപുനരധിവാസ മിഷൻ വഴി ഇതുവരെ എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് എത്ര ഏക്കർ ഭൂമി ഇതു വരെ വിതരണം ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുളള കണക്ക് ലഭ്യമാക്കുമോ;

(ബി) മിഷന്റെ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ (2011-12, 2012-13) എത്ര തുകയാണ് ബഡ്ജറ്റിൽ വകകൊളളിച്ചിട്ടുളളത്;

(സി) അതിൽ എന്ത് തുക ചെലവഴിച്ചു; എത്ര കുടുംബങ്ങൾക്ക് എത്ര ഏക്കർ ഭൂമി നൽകി ജില്ല തിരിച്ചുളള കണക്ക് ലഭ്യമാക്കുമോ;

(ഡി) എവിടെയാണ് ഭൂമി നൽകിയത് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.04.2013–ലെ മറുപടിക്ക്

<u>പറമ്പിക്കുളത്തെ ആദിവാസി വിഭാഗക്കാർക്കായി ക്ഷേമ പദ്ധതികൾ</u>

2562 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പറമ്പിക്കുളത്തെ ആദിവാസി വിഭാഗക്കാർക്കായി എന്തെല്ലാം ക്ഷേമ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>യുവജനങ്ങൾക്കായി ക്ഷേമ പദ്ധതികൾ</u>

2563 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും**
**കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് യുവജനങ്ങളുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>യുവജന കമ്മീഷൻ</u>

2564 ശ്രീ. പി. സി. വിഷ്ണുനാഥ്
,, ഷാഫി പറമ്പിൽ
,, വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജന കമ്മീഷൻ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) യുവജനകമ്മീഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തെല്ലാമാണ്; വിശദാംശങ്ങളെന്തെല്ലാം;

(സി) കമ്മീഷന്റെ ഘടനയും പ്രവർത്തനരീതിയും എന്തെല്ലാമാണ്; വിശദീകരിക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>യുവജന നയത്തിലെ തുടർപ്രവർത്തനങ്ങൾ</u>

2565 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജന നയം എന്നാണ് പ്രഖ്യാപിച്ചത്;

(ബി) യുവജനനയത്തിലെ ഏതെല്ലാം പദ്ധതികളാണ് പ്രവർത്തനം ആരംഭിച്ചത്; വിശദാംശം നൽകുമോ;

(സി) നടപ്പു സാമ്പത്തികവർഷം യുവജനനയത്തിലെ ഏതെല്ലാം പ്രവർത്തനങ്ങളാണ് നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>യുവജന പ്രവര്‍ത്തനങ്ങള്‍ ഏകോപിപ്പിക്കുവാന്‍ പദ്ധതി</u>

2566 ശ്രീ. ഹൈബി ഈഡന്‍
,, പി. സി. വിഷ്ണുനാഥ്
,, വി. റ്റി. ബല്‍റാം
,, ഷാഫി പറമ്പില്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ യുവജന പ്രവര്‍ത്തനങ്ങള്‍ ഏകോപിപ്പിക്കുവാന്‍ പദ്ധതി നിലവിലുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനായി ഒരു പ്രത്യേക സംവിധാനം നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) വിവിധ വകുപ്പുകള്‍ നടത്തുന്ന യുവജനക്ഷേമ പ്രവര്‍ത്തനങ്ങള്‍ പ്രസ്തുത സംവിധാനത്തിന്‍കീഴില്‍ കൊണ്ടുവരുവാന്‍ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങള്‍ വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**01.04.2013-ലെ മറുപടിക്ക്**

<u>യുവജനകാര്യവകുപ്പ് നടപ്പിലാക്കിയ വിവിധ പദ്ധതികൾ</u>

2567 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം യുവജനകാര്യവകുപ്പ്, യുവജനങ്ങളുടെ ക്ഷേമത്തിനായി നാളിതുവരെ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കുമോ ;

(ബി) ഇതിനായി സർക്കാർ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>യൂത്ത് കോ - ഓർഡിനേറ്റർ</u>

2568 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന യുവജന ക്ഷേമ ബോർഡിനു കീഴിൽ എല്ലാ പഞ്ചായത്തുകളിലും യൂത്ത് കോ-ഓർഡിനേറ്റർമാരെ നിയമിച്ചിട്ടുണ്ടോ;

(ബി) യൂത്ത് കോ-ഓർഡിനേറ്റർമാരുടെ യോഗ്യതയും നിയമന മാനദണ്ഡങ്ങളും വിശദീകരിക്കാമോ;

(സി) ഓരോ പഞ്ചായത്ത് പരിധിയിലും ഇവരുടെ കർത്തവ്യങ്ങളും അവർക്ക് നൽകിവരുന്ന ആനുകൂല്യങ്ങളും വ്യക്തമാക്കാമോ;

(ഡി) യുവജനക്ഷേമ ബോർഡിന് കീഴിൽ സംരംഭകത്വവും തൊഴിലവസരങ്ങളും ഉറപ്പാക്കുന്ന പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>മൃഗങ്ങളെ കാണുവാന്‍ വാഹന സൗകര്യം</u>

2569 ശ്രീ. വി. ഡി. സതീശന്‍
,, റ്റി. എന്‍. പ്രതാപന്‍
,, ജോസഫ് വാഴക്കന്‍
,, എ. റ്റി. ജോര്‍ജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ മൃഗശാലകളില്‍ രോഗികള്‍, വൃദ്ധര്‍, മുതിര്‍ന്ന പൗരന്‍മാര്‍, വികലാംഗര്‍, കുട്ടികള്‍ എന്നിവര്‍ക്ക് മൃഗങ്ങളെ കാണുവാന്‍ വാഹനസൗകര്യം ഒരുക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവര്‍ത്തനരീതിയും എന്തെല്ലാമാണ്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) എതെല്ലാം ഏജന്‍സികളാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തെ എല്ലാ മൃഗശാലകളിലും പ്രസ്തുത പദ്ധതി വ്യാപിപ്പിക്കാന്‍ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

മൃഗശാല സന്ദർശിക്കുന്ന കുട്ടികൾ

2570

ശ്രീ. പാലോട് രവി
,, ഷാഫി പറമ്പിൽ
,, വി. റ്റി. ബൽറാം
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മ്യൂസിയം/മൃഗശാലകൾ സന്ദർശിക്കുന്ന കുട്ടികളുടെ നൈസർഗിക വാസന വളർത്തുന്നതിനും ശാസ്ത്ര അറിവ് സമ്പാദിക്കുന്നതിനും സഹായിക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തെ എല്ലാ മ്യൂസിയം/മൃഗശാലകളിലും പദ്ധതി വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?